**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3960** **11.11.2019**– ൽ മറുപടിയ്ക്ക്

# കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വാഹനങ്ങൾ

ചോദ്യം
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

മറുപടി
കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കീഴിലുള്ള വാഹനങ്ങളുടെ വിശദവിവരവും ആരെല്ലാമാണ് ഈ വാഹനങ്ങൾ ഉപയോഗിക്കുന്നതെന്നും വിശദമാക്കാമോ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടി ഒരു വാഹനവും, വി-കെയർ, മിഠായി പദ്ധതി, എസ്.ഐ.ഡി., വയോമിത്രം എന്നീ പദ്ധതികൾക്കുവേണ്ടി ഓരോ വാഹനങ്ങളും, മിഷന്റെ ഔദ്യോഗികാവശ്യത്തിനുവേണ്ടി ഒരു വാഹനവും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ ബ്ലോക്ക് എന്നിവിടങ്ങളിൽ നടപ്പാക്കുന്ന വയോമിത്രം പദ്ധതിയ്ക്കുവേണ്ടി ഒരു യൂണിറ്റിന് ഒരു വാഹനം വീതവും ഉപയോഗിച്ചു വരുന്നു. |
| (ബി) | കെ.എസ്.എസ്.എം. എത്ര വാഹനങ്ങൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ എടുത്തിട്ടുണ്ടെന്നും ഏതെല്ലാം വാഹനങ്ങളാണ് അതെന്നുമുള്ള വിശദാംശം നൽകുമോ; | (ബി) | ആകെ 110 വാഹനങ്ങൾ ഉപയോഗിച്ചു വരുന്നതിൽ 6 വാഹനങ്ങൾ ദിവസ വാടക അടിസ്ഥാനത്തിലും, ബാക്കി 104 വാഹനങ്ങൾ കോൺട്രാക്ട് അടിസ്ഥാനത്തിലും ഉപയോഗിച്ചു വരുന്നു. പ്രസ്തുത വാഹനങ്ങൾ 1200 നും 1500 നും സി സി- ക്കിടയിൽ വരുന്ന Swift Dzire, Indica, Indigo എന്നീ ഇനത്തിൽപ്പെടുന്നവയാണ്. |
| (സി) | കോൺട്രാക്ട് അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള വാഹനങ്ങൾ എന്ന് | (സി) | വാഹനങ്ങൾ ടെണ്ടർ ക്ഷണിച്ച് വാർഷിക കരാർ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | മുതലാണ് കെ.എസ്.എസ്.എം. ന് വേണ്ടി ഉപയോഗിക്കുന്നതെന്നും ഈ വാഹനങ്ങൾ ആരൊക്കെയാണ് ഉപയോഗിക്കുന്നതെന്നും വിശദമാക്കാമോ? | | ഉപയോഗിച്ചു വരുന്നു. പ്രസ്തുത കരാർ അനുസരിച്ച് നിലവിലെ കരാർ തുകയ്ക്കു തന്നെ വാഹനം നൽകാൻ തയ്യാറാകുന്ന വാഹന ഉടമകളുടെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുകയും അല്ലാത്തപക്ഷം പുതിയ ടെണ്ടർ മുഖാന്തിരവുമാണ് വാഹനങ്ങൾ എടുക്കുന്നത്. പദ്ധതികളുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരാണ് വാഹനം ഉപയോഗിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**